**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## പത്രക്കുറിപ്പ്

### ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2022 വിവിധ സംവരണാനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കുന്നതും അവ ഡിജിലോക്കർ സംവിധാനം മുഖേന അപ്‌ലോഡ് ചെയ്യുന്നതും സംബന്ധിച്ച്

2022 വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ് . പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് മുൻകൂറായി വാങ്ങി വയ്ക്കേണ്ടതാണ്. DigiLocker വഴി ഇഷ്യൂ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ , ഓൺലൈൻ അപേക്ഷാസമർപ്പണ വേളയിൽ അപേക്ഷകന്റെ DigiLocker account–ൽ നിന്നും നേരിട്ട് ഓൺലൈൻ അപേക്ഷയുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓൺലൈൻ അപേക്ഷകളിൽ സജ്ജമാണ്. അതിനാൽ, എല്ലാ ഭാവി അപേക്ഷകരും അവരവരുടെ DigiLocker അക്കൗണ്ടുകൾ ഉപയോഗ സജ്ജമാക്കണമെന്ന് അറിയിക്കുന്നു. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.07.08 17:52:49 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**08/07/2022**